25-02-2023

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–25/02/2023.

1. വൈഗ അന്താരാഷ്ട്ര ശില്പശാലയും കാർഷിക പ്രദർശനവും ആറാമത് പതിപ്പ് വൈഗ 2023 ഇന്നു മുതൽ മാർച്ച് 2 വരെ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനിയിൽ വച്ച് സംഘടിപ്പിക്കുന്നു. കാർഷികമേഖലയിലെ നൂതന ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും കാർഷികോത്പന്നങ്ങളുടെ സംസ്കരണം, മൂല്യവർധനവ് എന്നിവ വ്യാപകമാക്കുന്നതിനുമായി കേരളത്തിലെ കർഷകരെയും സംരംഭകരെയും ശാസ്ത്രജ്ഞരെയും പൊതുസമൂഹത്തെയും ഒത്തൊരുമിപ്പിച്ച് കേരളസർക്കാർ കൃഷിവകുപ്പ് സംഘടിപ്പിക്കുന്ന വൈഗ 2023ന്റെ ആശയം കാർഷിക മേഖലയിൽ മൂല്യവർധിത ശൃംഖലയുടെ വികസനം എന്നതാണ്. 2023 ഫെബ്രുവരി 25-ന് വൈകിട്ട് 4 മണിക്ക് ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ വൈഗ 2023 ഉദ്ഘാടനം ചെയ്യും. കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് അദ്ധ്യക്ഷത വഹിക്കും. ഉദ്ഘാടന സമ്മേളനത്തിൽ അരുണാചൽപ്രദേശ് കൃഷി മൃഗസംരക്ഷണ വകുപ്പ് മന്ത്രി ശ്രീ. ടഗേടകി, സിക്കിം കൃഷി മൃഗസംരക്ഷണ വകുപ്പ് മന്ത്രി ശ്രീ. ലോക്നാഥ്ശർമ്മ, ഹിമാചൽപ്രദേശ് കൃഷി മൃഗസംരക്ഷണവകുപ്പ് മന്ത്രി ശ്രീ. ചന്ദേർകുമാർ തുടങ്ങിയ വിശിഷ്ടാതിഥികൾ പങ്കെടുക്കും. കേരൾ അഗ്രോ ലോഗോ പ്രകാശനം ബഹു. ധനകാര്യവകുപ്പ് മന്ത്രി ശ്രീ. കെ എൻ ബാലഗോപാൽ നിർവ്വഹിക്കും.നബാർഡ് ചെയർമാൻശ്രീ. കെ വി ഷാജി, പത്മശ്രീ ചെറുവയൽരാമൻ, പത്മശ്രീ ലക്ഷ്മികുട്ടിയമ്മ എന്നിവരെ വേദിയിൽ ആദരിക്കും. സംസ്ഥാന പ്ലാനിങ്ബോർഡ് വൈസ്ചെയർപേഴ്സൺ പ്രൊ. (ഡോ.) വി കെ രാമചന്ദ്രൻ, തിരുവനന്തപുരം കോർപറേഷൻ മേയർ ശ്രീമതി. ആര്യ രാജേന്ദ്രൻ എസ്, ബഹു. എം. പിമാർ, എം. എൽ. എമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, മറ്റു ജനപ്രതിനിധികൾ തുടങ്ങിയവർ മഹനീയസാന്നിധ്യമാകും. തുടർന്ന് കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് അധ്യക്ഷനാകുന്ന യോഗത്തിൽ സിക്കിം കൃഷി മൃഗസംരക്ഷണ വകുപ്പ്മന്ത്രി ശ്രീ. ലോക്നാഥ്ശർമ്മ എക്സിബിഷൻ സ്റ്റാളുകളുടെ ഉൽഘാടനം നിർവ്വഹിക്കും. തുടർന്നുള്ള ദിവസങ്ങളിൽ രണ്ട് വേദികളിൽ വ്യത്യസ്തങ്ങളായ വിഷയങ്ങളെക്കുറിച്ച് സെമിനാറുകളും ചർച്ചകളും നടക്കും.

2. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തിരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ സംയോജിത വിളവെടുപ്പാനന്തര പരിപാലനം എന്ന ഘടകത്തിന് ധനസഹായം നൽകി വരുന്നു.

സംരംഭക പ്രേരിതമായ ഈ പ്രോജക്റ്റുകൾ വായ്പാബന്ധിതമായാണ് നടപ്പിലാക്കുന്നത്. പദ്ധതി പൂർത്തീകരണത്തിന് ശേഷം മൂല്യ നിർണ്ണയത്തിന് ആനുപാതികമായി സഹായധനം അനുവദിക്കുന്നതാണ്. വ്യക്തികൾ, കർഷക കൂട്ടായ്മകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, രജിസ്റ്റേർഡ് സൊസൈറ്റികൾ, സഹകരണ സംഘങ്ങൾ, പഞ്ചായത്തുകൾ, ട്രസ്റ്റുകൾ, വനിതാ കർഷക സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ (25 അംഗങ്ങളുള്ള) തുടങ്ങിയവർക്ക് സഹായത്തിന് അർഹതയുള്ളതായിരിക്കും. സമതല പ്രദേശങ്ങളിലെ ധന സഹായത്തിന് പുറമേ വയനാട്, ഇടുക്കി എന്നീ മലയോര പ്രദേശങ്ങൾക്ക് 15% അധിക ധന സഹായവും അനുവദിക്കുന്നതാണ്.

പായ്ക്ക്ഹൗസുകൾ സ്ഥാപിക്കുന്നതിന് (9 മീറ്റർ x 6 മീറ്റർ) 2 ലക്ഷം രൂപയും, കൺവെയർ ബെൽറ്റ്, തരംതിരിക്കൽ, ഗ്രേഡിംഗ്, കഴുകൽ, ഉണക്കൽ എന്നീ സംവിധാനങ്ങളോടുകൂടിയ സംയോജിത പായ്ക്ക് ഹൗസ് യൂണിറ്റുകൾക്ക് (9 മീറ്റർ x 18 മീറ്റർ) സമതല പ്രദേശങ്ങളിൽ 17.5 ലക്ഷം രൂപയും, മലയോര പ്രദേശങ്ങളിൽ 25 ലക്ഷം രൂപയും, പ്രീ-കൂളിംഗ് യൂണിറ്റുകൾക്ക് (6 മെട്രിക് ടൺ) സമതല പ്രദേശങ്ങളിൽ 8.75 ലക്ഷം രൂപയും, മലയോര പ്രദേശങ്ങളിൽ 12.5 ലക്ഷം രൂപയും, ശീതീകരണ മുറികൾക്ക് (30 മെട്രിക് ടൺ) യൂണിറ്റൊന്നിന് സമതല പ്രദേശങ്ങളിൽ 5.25 ലക്ഷം രൂപയും, പരമാവധി 5000 മെട്രിക് എന്ന പരിധിയ്ക്ക് വിധേയമായി കോൾഡ് സ്റ്റോറേജുകൾ (ടൈപ്പ് 1) സമതല പ്രദേശങ്ങളിൽ 2800 രൂപ/മെട്രിക് ടണും, മലയോര പ്രദേശങ്ങളിൽ 4000 രൂപ/മെട്രിക് ടണും, കോൾഡ് സ്റ്റോറേജുകൾ (ടൈപ്പ് 2) സമതല പ്രദേശങ്ങളിൽ 3500 രൂപ/മെട്രിക് ടണും, മലയോര പ്രദേശങ്ങളിൽ 5000 രൂപ/മെട്രിക് ടണും ധനസഹായം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ ഹോർട്ടികൾച്ചർ മിഷന്റെ ഓഫീസുമായി കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എച്ച്), പ്രിൻസിപ്പൽ കൃഷി ഓഫിസ്, സിവിൽ സ്റ്റേഷൻ, കോഴിക്കോട്, എന്ന വിലാസത്തിലോ 9383471782 എന്ന ഫോൺ നമ്പരിലോ, www.shm.kerala.gov.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടാവുന്നതാണ്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലിവളർത്തൽ കേന്ദ്രത്തിലെ വിവിധ ഭാഗങ്ങളിലായി JCB-ഉപയോഗിച്ച് നിലം ഒരുക്കി തീറ്റപ്പുല്ല് നടുന്നതിന് JCB വാടക സംബന്ധിച്ച് മുദ്രവച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ - സുപ്രണ്ട് ജില്ലാ കന്നുകാലിവളർത്തൽ കേന്ദ്രം, കുടപ്പനക്കുന്ന്, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതും, ക്വട്ടേഷൻ കവറിനു പുറത്ത് JCB വാടക സംബന്ധിച്ച ക്വട്ടേഷൻ 2022 -23 എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതുമാണ്. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 28 ന് കാലത്ത് 11.00 മണിവരെയാണ്. കൂടതൽ വിവരങ്ങൾക്ക് 8129988434 എന്ന ഫോൺ നമ്പരിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ ഫാം ഓഫീസുമായി ബന്ധപ്പെടുക.

## പരിശീലന പരിപാടി

4. കേരള കാർഷിക സർവ്വകലാശാല കോഴിക്കോട് വേങ്ങേരി കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ വച്ച് (തടമ്പാട്ട്താഴം ) പച്ചക്കറി തൈകളുടെ ഉത്പാദനവും ഗ്രാഫ്റ്റിങ്ങും എന്ന വിഷയത്തിൽ 2023 ഫെബ്രുവരി 27ന് രാവിലെ 10. മണി മുതൽ 5 മണി വരെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി 0495 2935850, 9188223584 എന്നീ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യാവുന്നതാണ് . ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് അവസരം ഉണ്ടായിരിക്കുന്നതാണ് എന്ന് കാർഷിക വിജ്ഞാന വിപണന കേന്ദ്രം അസിസ്റ്റന്റ് പ്രൊഫസർ അറിയിച്ചു.

5. തിരുവനന്തപുരം പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2023 മാർച്ച് 1 മുതൽ 13 വരെയുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ സ്വയം തൊഴിൽ സംരംഭകർക്കും വീട്ടമ്മമാർട്ടുമായി ക്ഷീരോൽപന്ന നിർമ്മാണ പരിശീനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിന് പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ഫെബ്രുവരി 28 -ാം തീയതി 5 മണിക്ക് മുൻപായി ഫോൺ മുഖേനയോ, നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 135 രൂപ. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസിലോ, 0471 2440911 എന്ന ഫോൺ നമ്പറിലോ principaldtctvm@gmail.com എന്ന ഇ -മെയിൽ വിലാസത്തിലോ ബന്ധപ്പെടുക

6. മലമ്പുഴ സർക്കാർ സംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 25ന് (25.02.2023) രാവിലെ 10 മണി മുതൽ 4 മണി വരെ "തീറ്റപ്പുൽ കൃഷി" എന്ന വിഷയത്തിൽ പരിശീലനം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 9188522713, 0491-2815454 എന്ന നമ്പറിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം